സുബൈർ കുന്ദമംഗലം
zubairkgm@gmail.com

# ബിദ്അത്തുകളെ കരുതിയിരിക്കുക

عَنْ أَبِي نَجِيحِ الْعِرْبَاضِ بْنِ سَارِيَةَ رَضِيَ اللهُ عَنْهُ قَالَ: وَعَظَنَا رَسُولُ اللَّهِ صلى الله عليه وسلم مَوْعِظَةً وَجِلَتْ مِنْهَا الْقُلُوبُ، وَذَرَفَتْ مِنْهَا الدُّمُوعِ، فَقُلْنَا: يَا رَسُولَ اللَّهِ، كَأَنَّهَا مَوْعِظَةُ مُوَدِّعٍ فَأَوْصِنَا، فَقَالَ: أُوصِيكُمْ بِتَقْوَى اللَّهِ عَزَّوَجَلَّ، وَالسَّمْعِ وَالطَّاعَةِ وَإِنْ تَأَمَّرَ عَلَيْكُمْ عَبْدٌ، فَإِنَّهُ مَنْ يَعِشْ مِنْكُمْ فَسَيَرَى اخْتِلَافًا كَثِيرًا، فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ الْمَهْدِيِّينَ مِنْ بَعْدِي، عَضُّوا عَلَيْهَا بِالنَّوَاجِذِ، وَإِيَّاكُمْ وَمُحْدَثَاتِ الْأُمُورِ، فَإِنَّ كُلَّ بِدْعَةٍ ضَلَالَةٌ (رواه أبوداود والتّرمذي وقال: حديث حَسَن صحيح).

**അബൂ നജീഹ് ഇർബാളുബ്നു സാരിയയിൽനിന്ന്. അദ്ദേഹം പറഞ്ഞു: ഹൃദയങ്ങൾ പ്രകമ്പിതമാവുകയും കണ്ണുനീർ ഒഴുകുകയും ചെയ്യുംവിധമുള്ള ഒരു ഉപദേശം നബി(സ) ഞങ്ങൾക്ക് നൽകി. ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഇത് വിടപറയുമ്പോഴുള്ള ഉപദേശം പോലെയുണ്ടല്ലോ. അതിനാൽ, ഞങ്ങളോട് വസ്വിയ്യത്ത് ചെയ്താലും.' തദവസരം അവിടുന്ന് മൊഴിഞ്ഞു: 'അല്ലാഹുവെ സൂക്ഷിക്കണമെന്ന് ഞാൻ നിങ്ങളോട് വസ്വിയ്യത്ത് ചെയ്യുന്നു. കേൾക്കുകയും അനുസരിക്കുകയും ചെയ്യണമെന്നും; ഒരടിമയാണ് നിങ്ങളുടെ നേതാവ് എങ്കിൽ പോലും. കാരണം, നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ പിന്നീട് ധാരാളം അഭിപ്രായ ഭിന്നതകൾ കാണും. അപ്പോൾ നിങ്ങൾ എന്റെ ചര്യയനുസരിച്ച്, എനിക്കു ശേഷം സന്മാർഗം ലഭിച്ചവരും സച്ചരിതരുമായ ഖലീഫമാരുടെ ചര്യയനുസരിച്ച് പ്രവർത്തിക്കുക. നിങ്ങൾ അണപ്പല്ല് കൊണ്ടത് കടിച്ചു പിടിക്കുക. പുത്തൻ കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ജാഗ്രത കൈക്കൊള്ളുവിൻ. നിശ്ചയം! പുത്തൻ കാര്യങ്ങളെല്ലാം മാർഗഭ്രംശമാകുന്നു' (അബൂദാവൂദ്, തിർമിദി – ഹസനും സ്വഹീഹുമായ ഹദീസ്).**

പ്രവാചകാധ്യാപനത്തിന്റെ രീതി മനസ്സിലാക്കിത്തരുന്ന ഹദീസുകളിലൊന്നാണിത്. സമൂഹത്തിന് ധാർമിക ശിക്ഷണങ്ങൾ പകർന്ന് കൊടുക്കേണ്ടതെങ്ങനെയെന്ന് പഠിപ്പിക്കുകയാണ്. ഉപദേശിയുടെ വേഷം കെട്ടി ആളുകളെ മുഷിപ്പിച്ചിരുന്നില്ല ഒരിക്കലും പ്രവാചകൻ. സുദീർഘവും നിരന്തരവുമായ ഉപദേശങ്ങൾ ജനങ്ങളെ മടുപ്പിക്കുമെന്നും വിപരീതഫലം ഉണ്ടാക്കുമെന്നും അവിടുന്ന് തിരിച്ചറിഞ്ഞു. പ്രബോധിത സമൂഹം തന്റെ അധ്യാപനങ്ങൾ ഉൾക്കൊള്ളണമെന്ന ആത്മവിശ്വാസത്തോടെയാണ് അവിടുന്ന് കർമഭൂമിയിലിറങ്ങിയത്. അതിനാൽ തിരുനബിയുടെ ഉപദേശങ്ങൾ ജനമനസ്സുകളിൽ പ്രകമ്പനമുണ്ടാക്കി. മിഴിയിണകളെ സജലങ്ങളാക്കി. നബിയുടെ ഉപദേശങ്ങൾ അനുചരന്മാരിൽ സൃഷ്ടിച്ച സ്വാധീനം ചെറുതായിരുന്നില്ല. അബൂ വാഇൽ നിവേദനം ചെയ്ത ഒരു ഹദീസിൽ ഉപദേശം നിത്യമാക്കുന്നതും ദീർഘിപ്പിക്കുന്നതും നബി(സ) ഇഷ്ടപ്പെട്ടിരുന്നില്ല എന്നുണ്ട്. അബ്ദുല്ലാഹിബ്നു മസ്ഊദ് എല്ലാ വ്യാഴാഴ്ചയും ഞങ്ങൾക്ക് ഉദ്ബോധന പ്രസംഗം നടത്തുമായിരുന്നു. ഒരാൾ അദ്ദേഹത്തോട് പറഞ്ഞു: 'അല്ലയോ അബൂ അബ്ദിർറഹ്മാൻ, താങ്കളുടെ സംസാരം ഞങ്ങൾ ഇഷ്ടപ്പെടുന്നു, കൊതിക്കുന്നു. താങ്കൾ എല്ലാ ദിവസവും സംസാരിച്ചിരുന്നെങ്കിൽ എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'നിത്യവും സംസാരിക്കുന്നതു മൂലം നിങ്ങൾക്ക് മടുപ്പ് അനുഭവപ്പെടും എന്നതല്ലാതെ മറ്റൊന്നും എനിക്ക് തടസ്സമല്ല. ഞങ്ങൾക്ക് മടുക്കുമെന്ന് കരുതി നബി(സ) ഉപദേശത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കുമായിരുന്നു.'

നാലു കാര്യങ്ങളാണ് നബി(സ) ആദ്യം കൊടുത്ത ഹദീസിൽ അനുചരന്മാരെ ഓർമപ്പെടുത്തുന്നത്. അതിൽ ഒന്നാമത്തേത് തഖ്‌വ. ഐഹികവും പാരത്രികവുമായ എല്ലാവിധ

നന്മകളുടെയും നേട്ടങ്ങളുടെയും താക്കോലാണ് തഖ്‌വ. അല്ലാഹുവിന്റെ കൽപനകൾ ജീവിതത്തിൽ പകർത്താനും വിരോധിച്ച കാര്യങ്ങൾ അവഗണിക്കാനും ഒരാളെ പ്രേരിപ്പിക്കുന്ന മാനസിക നിലയാണത്. ദൈവഭക്തിയും സൂക്ഷ്മതയും പുലർത്താൻ സമൂഹം തയാറായാൽ ലോകത്ത് അരാജകത്വം ഇല്ലാതാകും, സമാധാനം പുലരും, സ്നേഹവും സന്തോഷവും പൂത്തുലയും. അതിനാൽ ലോകാരംഭം മുതൽ അവസാനം വരെയുള്ള ആളുകൾ തഖ്‌വ കൈവിടരുതെന്ന് അല്ലാഹു ഉപദേശിച്ചു: ''ജനങ്ങളേ, നിങ്ങളെല്ലാം നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നാഥന് ഇബാദത്ത് ചെയ്യുവിൻ. നിങ്ങൾ സൂക്ഷ്മത പ്രാപിച്ചേക്കാം'' (*അൽബഖറ* 21). മറ്റൊരു ഖുർആൻ സൂക്തം ഇങ്ങനെ: ''നിശ്ചയം, നിങ്ങളോടും നിങ്ങൾക്ക് മുമ്പുള്ള വേദവിശ്വാസികളോടും അല്ലാഹു ഉപദേശിച്ചു; നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുവിൻ!''

രണ്ടാമത്തെ ഉപദേശം, കേൾക്കുകയും അനുസരിക്കുകയും ചെയ്യണമെന്നാണ്. ഐക്യപ്പെടുന്നതിനെയും സംഘടിക്കുന്നതിനെയും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു. അനൈക്യവും ഛിദ്രതയും സമൂഹത്തെ ദുർബലമാക്കും. നേതാക്കളും ഭരണാധികാരികളും നീതിയുടെയും സത്യത്തിന്റെയും പാതയിലാണെങ്കിൽ അവരെ കേൾക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത് മുസ്‌ലിമിന്റെ ബാധ്യതയാണ്. ഒരു നേതാവിന്റെയോ ഭരണാധികാരിയുടെയോ കീഴിൽ സംഘടിത ജീവിതം നയിക്കുമ്പോൾ സമൂഹം ഭയത്തിൽനിന്ന് നിർഭയത്വത്തിലേക്കും അരക്ഷിതത്വത്തിൽനിന്ന് സുരക്ഷിതത്വത്തിലേക്കും നീങ്ങും. പകയും വിദ്വേഷവും സ്നേഹസാഹോദര്യങ്ങൾക്ക് വഴിമാറും.

ഇസ്‌ലാമിക ആദർശത്തിന് കടകവിരുദ്ധമായി പ്രവർത്തിക്കുന്ന നേതാവിനെ അനുസരിക്കാനോ കേൾക്കാനോ പാടില്ല. നേതാക്കൾ ഇസ്‌ലാമിക പാതയിലായിരിക്കുന്നേടത്തോളം മാത്രമേ അനുസരിക്കേണ്ടതുള്ളൂ. പ്രവാചകൻ (സ) അരുളി: 'തിന്മ കൽപിക്കാത്തിടത്തോളം ഒരു മുസ്‌ലിം ഇഷ്ടത്തിലും അനിഷ്ടത്തിലും അനുസരിച്ചേ പറ്റൂ. എന്നാൽ തിന്മ ചെയ്യാൻ കൽപിക്കപ്പെട്ടാൽ കേൾക്കുകയോ അനുസരിക്കുകയോ ചെയ്യരുത്.' ഭൗതിക കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ എത്ര മോശക്കാരനാണെങ്കിലും നേതൃപദവിയിൽ അവരോധിക്കപ്പെട്ട വ്യക്തിയെ അനുസരിക്കണം. അയാൾ കറുകറുത്തവനും തൊലി ചുക്കിച്ചുളിഞ്ഞവനും വിരൂപിയുമാണെങ്കിലും ശരി.

പ്രവാചകപാത മുറുകെ പിടിച്ച് ജീവിക്കണമെന്നാണ് മൂന്നാമത്തെ വസിയ്യത്ത്. നബി(സ)യും അനുചരന്മാരും ജീവിച്ചു കാണിച്ചുതന്ന പാതയാണത്. എന്നാൽ കാലം മാറി വരുമ്പോൾ തൽപര കക്ഷികൾ അവരവരുടെ താൽപര്യങ്ങൾക്കു വേണ്ടി ഇസ്‌ലാമിനെ ദുർവ്യാഖ്യാനം ചെയ്യാനും വളച്ചൊടിക്കാനുമൊക്കെ സാധ്യതകളുണ്ട്. വിശ്വാസദൗർബല്യമുള്ള ആളുകൾ ആ കെണികളിൽ വീണുപോവുകയും ചെയ്യും. അത്തരം ഘട്ടങ്ങളിൽ പ്രവാചകന്റെ സുന്നത്തും ഖുർആനും കൈവെടിയാതെ മുന്നേറണം. തിരുനബി(സ) അരുളി: ''രണ്ട് കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് വിട്ടേച്ചുപോകുന്നു. അവ രണ്ടും മുറുകെ പിടിക്കുകയാണെങ്കിൽ നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ ദൂതന്റെ സുന്നത്തുമാണവ.''

ബിദ്അത്തുകളെ കുറിച്ചുള്ളതാണ് അവസാനത്തെ വസിയ്യത്ത്. ഇസ്‌ലാമിനെ തകർക്കാനുദ്ദേശിക്കുന്ന ദുഷ്ടശക്തികൾ പുതിയ പുതിയ ആശയങ്ങളുമായി രംഗത്തിറങ്ങും. ഇസ്‌ലാമിക ആദർശത്തിന് കടക വിരുദ്ധമായ ചിന്തകളായിരിക്കും അവർ പ്രചരിപ്പിക്കുക. അശ്രദ്ധരായി ജീവിക്കുന്ന വിശ്വാസികളെ വഴിതെറ്റിക്കാനും തിന്മയിലേക്ക് നയിക്കാനും ഇത്തരം പണ്ഡിതവേഷധാരികൾ ശ്രമിക്കും. അല്ലാഹുവും പ്രവാചകനും പരിചയപ്പെടുത്തിയിട്ടില്ലാത്ത, പൂർവസൂരികളായ മുസ്‌ലിംകൾ സഞ്ചരിച്ചിട്ടില്ലാത്ത ഒരു പുതിയ ഇസ്‌ലാമിനെയാണ് ഇക്കൂട്ടർ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുക. അവർ ഇസ്‌ലാമിന്റെ ലേബലിൽ നവംനവങ്ങളായ ആഘോഷങ്ങൾ കൊണ്ടുവരും. ആരാധനാലയങ്ങൾക്ക് പൊലിമ നൽകാനായി മതത്തിലില്ലാത്ത പലതരം ആചാരങ്ങൾ നടപ്പിൽ വരുത്തും. ആരാധനാലയങ്ങളുടെ അകത്തോ സമീപത്തോ ജാറങ്ങളും മഖ്ബറകളും കെട്ടിപ്പൊക്കും. മറ്റു വിഭാഗങ്ങളിൽനിന്ന് കടമെടുത്ത ആന എഴുന്നള്ളത്തും ചന്ദനക്കുടവും മറ്റും ഇസ്‌ലാമിന്റെ മേൽവിലാസത്തിൽ കൊണ്ടാടും. ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലാത്ത പുത്തൻ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ പിന്നിൽ രണ്ട് അജണ്ടകളുണ്ട്, ഒന്ന്, മതത്തെ വികൃതമാക്കി പൊതുജനങ്ങൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കുക. രണ്ട്, മുസ്‌ലിംകൾക്കിടയിലെ സംഘബോധവും ഐക്യവും തകർക്കുക. അല്ലാഹുവിന്റെയും പ്രവാചകന്റെയും സത്യസരണി പിന്തുടരുക മാത്രമാണ് ഇത്തരം തിന്മകളിൽനിന്ന് സുരക്ഷിതരാകാനുള്ള ഏക വഴി.

●